# രാച്ചിയമ്മ

പതിനൊന്നു വർഷത്തിനുശേഷം രാച്ചിയമ്മയെ കണ്ടപ്പോൾ, അവളിൽ പ്രത്യക്ഷപ്പെട്ട മാറ്റത്തിലല്ല അദ്ഭുതം, അവൾക്കു മാറ്റങ്ങൾ വന്നിരിക്കാമെന്ന് അതേവരെ ഓർക്കാതിരുന്നതിലാണ്.

നീലഗിരിയിൽനിന്നും പോന്നതിനുശേഷം പലപ്പോഴും ഞാൻ രാച്ചിയമ്മയെപ്പറ്റി ഓർത്തിട്ടുണ്ട്. കരിങ്കൽപ്രതിമപോലെയുള്ള ആ ശരീരവും ആ ചങ്കൂറ്റവും മനസ്സിൽനിന്ന് ഒരിക്കലും മായുമെന്നു വിചാരിച്ചില്ല. പക്ഷേ, കാലമെന്ന ആ വലിയ തമാശയ്ക്കിടയിൽ എല്ലാം മാഞ്ഞു മാഞ്ഞ് പോകുന്നു. എന്നാലും വല്ലപ്പോഴുമൊക്കെ ഓർക്കാതിരുന്നിട്ടില്ല.

ഇരുട്ടത്തു കൈയും വീശി കുതിച്ചുനടന്നുവരുന്ന രാച്ചിയമ്മയെ കണ്ടറിയുക വയ്യ; കേട്ടറിയാം. കൈകളിലെ അയഞ്ഞ വെള്ളിവളകൾ പൊട്ടിച്ചിരിക്കും.

ഇളംനീലവർണ്ണമായ ആകാശത്തിനു ചുവട്ടിൽ അലംഭാവത്തോടെ കിടക്കുന്ന പച്ചക്കുന്നുകളുടെ കരുത്തും കമനീയതയും രാച്ചിയമ്മ എപ്പോഴും ഓർമ്മപ്പെടുത്തി.

ആ രാച്ചിയമ്മയാണോ മുൻപിൽ നില്ക്കുന്നത്?

ഞാൻ ഒരിക്കൽക്കൂടി ഊന്നിനോക്കി. കറുത്തുനീണ്ട വിരൽത്തുമ്പുകളിലെ അമ്പിളിത്തുണ്ടുകൾക്ക് ഇന്നും തിളക്കവും ശുചിത്വവുമുണ്ട്. മൂക്കും കണ്ണുമെല്ലാം അതേപോലെതന്നെ. ടോർച്ചടിക്കുന്നതുപോലെയുള്ള ചിരിക്കും വ്യത്യാസമില്ല. ടോർച്ചിലെ ബാറ്ററിക്കു സ്വല്പം ശക്തിക്ഷയം പെട്ടിട്ടുണ്ടെന്നു തോന്നി. എങ്കിലും രാച്ചിയമ്മയുടെ തലയിൽ ഒന്നുരണ്ടു വെള്ളിവരകൾ. അവ അസ്വാസ്ഥ്യമുണ്ടാക്കുന്നു. വേണ്ടാത്തിടത്താണ് അവ വന്നുകയറിയത്.

കാളക്കുട്ടന്മാരെപ്പോലെയുള്ള പതിനൊന്നു വർഷങ്ങൾ ചുരമാന്തി ഓടിപ്പോയിരിക്കുന്നു. എന്നിട്ടും രാച്ചിയമ്മയ്ക്ക് ഇത്രയൊക്കെയേ സംഭവിച്ചിട്ടുള്ളൂവല്ലോ എന്നായിരുന്നു ആലോചിക്കേണ്ടിയിരുന്നത്. എന്തോ, അങ്ങനെ വിചാരിക്കാൻ കഴിയുന്നില്ല.

മിസ്സിസ് നായർ ഓർമ്മപ്പെടുത്തി: "രാച്ചിയമ്മയെ ഓർമ്മയുണ്ടോ?"

മറുപടി പറഞ്ഞില്ല; പുഞ്ചിരിക്കൊണ്ടതേയുള്ളൂ. മിസ്സിസ് നായർ വീട്ടുകാരി ചെയ്യേണ്ട മര്യാദ ചെയ്തു. രാച്ചിയമ്മയെ എനിക്ക് ആരും പരിചയപ്പെടുത്തിത്തന്നതല്ല. നീലഗിരി വയനാട്ടിലേക്ക് ഉദ്യോഗസ്ഥനായി വന്നിട്ടു നാലു ദിവസം കഴിഞ്ഞിട്ടേ ഉണ്ടായിരുന്നുള്ളൂ. അന്ന് അവിടെ ഹോട്ടലില്ല. പീടികയില്ലെന്നു പറഞ്ഞുകൂടാ. ചായത്തോട്ടങ്ങളിലെ വേലക്കാരെ പിടിച്ചുപറിക്കാനും കള്ളക്കടത്തുകൾക്കു സൗകര്യമുണ്ടാക്കുവാനുമായി ഒരു കടയുണ്ട്. അവിടെനിന്നു വാങ്ങിയ സോപ്പുതേച്ചു കുളിച്ചാൽ ദേഹത്തിൽ ഒട്ടലുണ്ടാകും. കടുകു വറവിട്ടാൽ കറി എലിക്കാട്ടം മണക്കും.

ഞാൻ എവിടെ താമസിക്കും? എവിടെ ഭക്ഷണം കഴിക്കും?

സ്നേഹിതന്മാർ ഒരു വീടും ഒരരിവെപ്പുകാരനേയും ശരിപ്പെടുത്തിത്തന്നു. ആ കെട്ടിടത്തെ വീടെന്നും ആ ചെറുക്കനെ അരിവെപ്പുകാരനെന്നും വിളിക്കാൻതന്നെയായിരുന്നു എനിക്കിഷ്ടം.

ഞാൻ ഉന്മേഷവാനായിരിക്കാൻതന്നെ ആഗ്രഹിച്ചു. ജീവൻ എന്ന ഈ ആകസ്മികവും അനിർവ്വചനീയവുമായ മഹാപ്രവാഹം ഏതെല്ലാം കുന്നിൻചെരുവുകളിലൂടെയും അകത്തളങ്ങളിലൂടെയും അരുവിക്കരകളിലൂടെയും പാഞ്ഞുപോകുമെന്നോ ആകാശത്തിലെ നിറഭേദങ്ങൾ അതിന് എന്തെല്ലാം രൂപപരിണാമങ്ങളുണ്ടാക്കുമെന്നോ ആർക്കുപറയാൻ പറ്റും?

മൂന്നാംദിവസം ഞാൻ അമ്മയ്ക്കെഴുതി: "എനിക്കിവിടെ സുഖമാണ്. നല്ല പ്രദേശം! നല്ലയാളുകൾ!"

എഴുതിവെച്ച കത്തിനുമേൽ മേല്പുരയിൽനിന്നു വെൺചിതൽ കൊഴിയുന്നുണ്ടായിരുന്നു.

അപ്പോഴാണ് രാച്ചിയമ്മ വന്നത്. അതിർത്തിയിൽ വേലിത്തറിപോലെ വളർന്നുനില്ക്കുന്ന കാട്ടുചെടികൾ വകഞ്ഞുമാറ്റി, മുറ്റത്തേക്കു ചാടിനിന്നിട്ട് അവൾ വിളിച്ചു:

"എടാ ചെറുക്കാ!"

വിറകു കീറുകയായിരുന്ന എന്റെ അരിവെപ്പുകാരന് ആ വിളി ഒട്ടും ഇഷ്ടമായില്ലെന്നു തോന്നുന്നു. എങ്കിലും മറുപടി പറയാൻ ധൈര്യപ്പെടാത്തതുപോലെ മിഴിച്ചുനോക്കി നിന്നു.

"നിന്റെ യജമാനൻ ഇവിടെയില്ലേ?"

"എന്തുവേണം?"

"നിന്നോടല്ല, നിന്റെ യജമാൻനോടാണ് പറയാനുള്ളത്. ഇവിടെ ഉണ്ടോ?"

"ഉണ്ട്."

"വിളി–"

ഒരു കാട്ടുകൊമ്പു പിടിച്ചുലച്ചു വലിച്ചുപറിക്കുന്നതിനിടയിൽ അവൾ നിർദ്ദേശിച്ചു.

ഞാൻ എല്ലാം ജാലകത്തിലൂടെ നോക്കിയിരിക്കുകയായിരുന്നു. അവളെ ഏതോ കരിങ്കൽക്കുന്നു പെറ്റ് പുറത്തേക്കെറിഞ്ഞതാണെന്നു തോന്നി.

ചെറുക്കൻ വന്നു പറഞ്ഞപ്പോൾ ഒന്നും അറിഞ്ഞിട്ടില്ലാത്തതുപോലെ, ഞാൻ കോലായിലേക്കു ചെന്നു. എന്നെ കണ്ടപ്പോൾ അവൾ കുറച്ചുനേരം തറച്ചുനോക്കിയിട്ടു ചോദിച്ചു:

"നിങ്ങൾക്കു പാൽ വേണോ?"

"വേണം."

"എന്നാൽ അതു പറയാതെ ഞാനെങ്ങനെ അറിയും? എത്ര കുപ്പി?"

"ഒന്നരക്കുപ്പി."

"കാലത്ത് എത്ര?"

"അര."

"ശരി." എടാ ചെറുക്കാ, നാളെമുതല്ക്കു വന്നു വാങ്ങിക്കൊണ്ടു പോന്നോ."

"ഇങ്ങോട്ടു കൊണ്ടുവന്നുകൂടെ?"

"തിളപ്പിച്ചുകുറുക്കി പഞ്ചസാരയിട്ടു കൊണ്ടുവന്നാലോ!"

ചെറുക്കനും എന്തോ പറയണമെന്നുണ്ടായിരുന്നു. അവൻ എന്റെ മുഖത്തേക്കു നോക്കിയിട്ട്, വിറകുകൊള്ളികളുമെടുത്ത് അടുക്കളയിലേക്കു പോയി.

അവൾ പിന്നേയും തുറിച്ചുനോക്കി നില്ക്കുന്നതു കണ്ടപ്പോൾ ഞാൻ ചോദിച്ചു:

"നാളെ മുതല്ക്കു പാൽ..."

"തരാം; പക്ഷേ, നിങ്ങളുടെ ചെറുക്കനോടു വാങ്ങിക്കൊണ്ടുവരാൻ പറയണം."

"അവനു സ്ഥലം അറിയില്ലായിരിക്കും."

"വായിൽ നാവില്ലേ? ചോദിക്കട്ടെ. പാൽക്കാരി രാച്ചിയമ്മ എന്നു പറഞ്ഞാൽ എല്ലാവരും അറിയും. മനസ്സിലായോ?"

"ഓ!"

അവൾ ഒരിക്കൽക്കൂടി തുറിച്ചുനോക്കിയിട്ട്, പിന്തിരിഞ്ഞ് കാട്ടുചെടികൾ വകഞ്ഞുമാറ്റി കടന്നുപോയി.

പെട്ടെന്നു കുറ്റിക്കാടുകളുടെ മറവിൽനിന്നു വിളിച്ചുപറയുന്നതു കേട്ടു: "വടക്കേക്കുന്നിന്റെ ചെരിവിലാണ് നമ്മുടെ വീട്; ചെറുക്കനോടു പറഞ്ഞേക്കിൻ."

പന്നിപുളയുന്ന നെൽവയലിലെന്നപോലെ കാടിന്റെ മുകൾപ്പരപ്പിലുണ്ടായ അല വളഞ്ഞുപുളഞ്ഞു ദൂരെ മറഞ്ഞു.

കുട്ടിക്കാലത്തു പഠിച്ച വരി ഞാൻ ഓർത്തു: 'ഇവളെപ്പേടിച്ചാരും നേർവഴി നടപ്പീല...'

പിറ്റേന്നു പാലിനു പോയ ചെറുക്കൻ രാച്ചിയമ്മയുടെ വീടു കണ്ടെത്തിയില്ലെന്നും പറഞ്ഞ് മടങ്ങിപ്പോന്നു.

അഞ്ചുനിമിഷം കഴിഞ്ഞില്ല, കാട്ടുചെടികൾക്കിടയിൽനിന്നു രാച്ചിയമ്മ ഒരു അലൂമിനിയപ്പാത്രവുമായി പ്രത്യക്ഷപ്പെട്ടു:

"എടാ ചെറുക്കാ, നീ കുന്നിൻചെരിവിൽ വന്നു മിഴിച്ചുനോക്കി നിന്നു മടങ്ങിപ്പോന്നല്ലോ; പാലിതാ." അവൾ എന്റെ നേരെ നോക്കിയിട്ടു തുടർന്നു: "നാളെ ഞാൻ കൊണ്ടുവരില്ല, തീർച്ച. ഈ ചെറുക്കനു ബുദ്ധിയില്ലേ?"

ചെറുക്കൻ മുഖംവീർപ്പിച്ചു പാൽപ്പാത്രം വാങ്ങി അകത്തേക്കു പോകുമ്പോൾ രാച്ചിയമ്മ എന്റെ അരികെ വന്നു പറഞ്ഞു: "മലയാളക്കാരനാണെന്നു പിന്നീടാണു മനസ്സിലായത്."

"ഓഹോ!...രാച്ചിയമ്മയുടെ രാജ്യം ഏതാണ്?"

"മൈസൂർ."

ആ കർണ്ണാടകക്കാരി ഇത്രയും നന്നായി മലയാളം പറയുന്നതു കേട്ടപ്പോൾ അദ്ഭുതം തോന്നി.

"രാച്ചിയമ്മ എത്ര കാലമായി ഇവിടെ വന്നിട്ട്?"

"നമ്മൾ വന്നതല്ല."

"പിന്നെ?"

"നമ്മുടെ അമ്മയുടെ അമ്മയെ കൊണ്ടുവന്നു."

"ആര്?"

രാച്ചിയമ്മയ്ക്കു ലജ്ജ. മറ്റെന്തും ഞാൻ അവളിൽനിന്നു പ്രതീക്ഷിച്ചിരുന്നു. രാച്ചിയമ്മ പറഞ്ഞു:

“നിങ്ങളുടെ രാജ്യക്കാരൻ കൊണ്ടുപോന്നു.”

“മലയാളിയോ?”

“അതേ.”

“രാച്ചിയമ്മയുടെ അച്ഛൻ?”

“മുനിയപ്പൻ.”

മൂന്നു പ്രവിശ്യകളുടെ സന്തതിയായ രാച്ചിയമ്മയെ നോക്കിനില്ക്കാൻ രസം തോന്നി. അപ്പോഴേക്കും ചെറുക്കൻ പാത്രം തിരിച്ചുകൊണ്ടു വന്നു. പാത്രം വാങ്ങി കാട്ടിലേക്കു കാലെടുത്തു വയ്ക്കുമ്പോൾ രാച്ചിയമ്മ വിളിച്ചുപറഞ്ഞു:

“നാളെ നീ വന്നില്ലെങ്കിൽ, ചെറുക്കാ, യജമാനൻ പാൽ കുടിക്കില്ല.”

പിറ്റേന്നു ചെറുക്കൻ സ്ഥലം കണ്ടുപിടിച്ച് പാൽ വാങ്ങിക്കൊണ്ടുവന്നു.

ഒരാഴ്ചയ്ക്കു രാച്ചിയമ്മയെ കണ്ടില്ല.

അന്നു വൈകുന്നേരം ആഫീസ് വിട്ടു വരുമ്പോൾ, വഴിക്കുവെച്ച് ഒരു ബഹളം കേട്ട് അങ്ങോട്ടു നോക്കി. രാച്ചിയമ്മ ആരെയോ ശകാരിക്കുന്നു: “എടാ തെമ്മാടീ, തുടപ്പക്കട്ടയെടുത്തു ഞാൻ നിന്റെ മുഖത്തലക്കും! പട്ടിണികിടന്നു പല്ലിളിച്ചപ്പോൾ കാശു കടംതന്നതാണോ തെറ്റ്? കാശു കിട്ടിയപ്പോൾ നമ്മളെ തോല്പിക്കാൻ നോക്കുന്നോ? നമ്മുടെ രൂപം നീ ശരിക്കു കണ്ടിട്ടില്ല.”

രാച്ചിയമ്മയുടെ മുമ്പിൽ നില്ക്കുന്ന ചെറുപ്പക്കാരൻ ‘ഷൾഗവ്യ’ ത്തിലായിരുന്നു. അയാൾ പരുങ്ങിക്കൊണ്ടു പറഞ്ഞു: “ഞാൻ നാളെ.....”

“ഇപ്പോൾ കിട്ടണം എന്റെ കാശ്.”

രാച്ചിയമ്മ ആ ചെറുപ്പക്കാരന്റെ കൈയിൽനിന്നു പണം എണ്ണിവാങ്ങി. ആ യുവാവ് കനപ്പിച്ച മുഖവുമായി പിന്തിരിയാൻ പുറപ്പെട്ടപ്പോൾ രാച്ചിയമ്മ പറഞ്ഞു:

“നില്ക്ക്.”

“ഇതു മടക്കിയെടുത്തോ. പലിശയൊന്നും വേണ്ട. മുതൽ മടക്കിത്തന്നല്ലോ; അതുതന്നെ സന്തോഷം, മഹാരാജ!”

ചെറുപ്പക്കാരൻ പണം മടക്കിവാങ്ങാൻ ഇഷ്ടപ്പെട്ടില്ല. അയാളുടെ അഭിമാനം വ്രണപ്പെട്ടിരുന്നുവെന്നു തോന്നി. രാച്ചിയമ്മ ഒരൊറ്റ അലറൽ!

“വാങ്ങിക്കോ!”

അവൻ കൈനീട്ടിപ്പോയി. കാശു കൈയിലിട്ടുകൊടുത്തിട്ടു രാച്ചിയമ്മ രൂക്ഷമായി അവന്റെ മുഖത്തു നോക്കി: “ഓ, ഒരു പ്രമാണി!”

ഒന്നും കാണാത്തതുപോലെയും മനസ്സിലാക്കാത്തതുപോലെയും ഓവുപാലത്തിനുമേൽ നിന്ന എന്റെ മുൻപിലെത്തിയപ്പോൾ രാച്ചിയമ്മ പരുങ്ങിക്കൊണ്ടു പറഞ്ഞു:

"ആ ചെറുക്കൻ സൂത്രക്കാരനാണ്. വാങ്ങിയാൽ കൊടുക്കില്ല. ഇപ്പോൾ അതു വാങ്ങിയില്ലെങ്കിൽ അവനതു മുഴുവൻ ബീർക്കടയിൽ കൊണ്ടുപോയി കലക്കും."

എന്നിൽനിന്ന് ഒരുത്തരം രാച്ചിയമ്മ പ്രതീക്ഷിക്കുന്നുവെന്നു തോന്നിയില്ല. പിന്നെ എന്തിന് എന്നോടിതൊക്കെ ക്ഷമാപണസ്വരത്തിൽ വിവരിക്കുന്നു?

രാച്ചിയമ്മ കടന്നുപോയപ്പോൾ ആ പഴയ വരി ഓർമ്മവന്നു: 'അവളെ പേടിച്ചാരും.....'

രാച്ചിയമ്മ ഇക്കാര്യമെന്തെങ്കിലും ഓർക്കുന്നുണ്ടാകുമോ? ടോർച്ചടിക്കും പോലെയുള്ള ആ ചിരി കൂടക്കൂടെ ചുണ്ടിൽ വിടരുന്നു. എങ്കിലും ആ പുഞ്ചിരിയെ ഒരു വിഷാദഭാവം വലയം ചെയ്യുന്നുണ്ടോ?

കവിളിലെ തുടുത്ത ഇതളുകൾ വാട്ടിക്കളയുന്നതോടൊപ്പം തലയിൽ കൊച്ചുമുല്ലപ്പൂ ചൂടിക്കുകയും ചെയ്യുന്ന കാലമാകുന്ന വലിയ തമാശ രാച്ചിയമ്മയിൽ പ്രവർത്തിക്കുമെന്നു വിചാരിക്കാൻ സാധിച്ചിരുന്നില്ല.

"നമ്മളെ മനസ്സിലായില്ല?"

"മനസ്സിലായി. രാച്ചിയമ്മേ-" ഞാൻ തികച്ചും ക്ഷമാപണസ്വരത്തിലാണു പറഞ്ഞത്. അതു നുണയായിരുന്നു. നന്ദികെട്ടവനേയെന്ന് എന്നെത്തന്നെ വിളിക്കാൻ തോന്നി.

ഞാൻ ചുരം കയറുമ്പോൾപ്പോലും രാച്ചിയമ്മയെപ്പറ്റി ആലോചിച്ചില്ല. ഒന്നിന്റെ ചുമലിൽ മറ്റൊന്നു തലചായ്ച്ചുകൊണ്ടു നിരന്നുകിടക്കുന്ന പച്ചക്കുന്നുകളേയും കാട്ടിനുള്ളിൽനിന്നു പെട്ടെന്നു പ്രത്യക്ഷപ്പെട്ടു പൊട്ടിച്ചിരിക്കുന്ന വെള്ളച്ചാട്ടങ്ങളേയും കണ്ടപ്പോൾ ഞാൻ എന്തുകൊണ്ടു രാച്ചിയമ്മയെപ്പറ്റി ഓർത്തില്ല?

കാലമെന്ന ക്രൂരമായ തമാശതന്നെ. പച്ചക്കുന്നുകൾക്കു വെള്ളക്കരയിടുന്ന നടപ്പാതകൾ പല സംഭവങ്ങളെയും വ്യക്തികളെയും സ്മരണയിൽ കൊണ്ടുവന്നു. കണ്ണുനീരും രക്തവും ശവങ്ങളും വീണ നടപ്പാതകൾ. ഇവയൊക്കെ ചായച്ചെടികൾക്കു വളമായിരിക്കും. തിരുളുകൾ പൊന്തിവന്നു. ഓറഞ്ചുപീക്കോ! കാസ്പിയൻ കടൽത്തീരത്തോ ക്രിസ്തുമസ് ദ്വീപിലോ ഫ്രഞ്ചുകബേരകളിലോ മധുവിധു കൊണ്ടാടുന്ന യുവതി

കളും യുവാക്കളും പ്രശംസിച്ചിരിക്കും! സുഗന്ധമുള്ള ഇന്ത്യൻ ഓറഞ്ചു പീക്കോ!

കണ്ണുനീരിലെ ഉപ്പും രക്തത്തിലെ തുടുപ്പും ചേർന്നു സുഗന്ധമായി മാറിയ കഥയെപ്പറ്റിയോർത്തപ്പോഴും രാച്ചിയമ്മയെപ്പറ്റി നിനച്ചില്ല.

എന്തെല്ലാം മാറ്റങ്ങൾ! നിരത്തുവക്കത്തെ പാടികൾ മനുഷ്യർ താമസിക്കുന്ന സ്ഥലങ്ങളാണെന്നു തോന്നിത്തുടങ്ങി. ആശുപത്രി വലുതായി. കൂടുതൽ കാറും ലോറിയും അങ്ങോട്ടുമിങ്ങോട്ടും ഓടുന്നു. പക്ഷേ, മനുഷ്യരുടെ തലയിൽനിന്നു കരിമ്പടങ്ങളും കവിളുകളിൽനിന്നു വിളർപ്പും മാറിയിട്ടില്ല. പരിഷ്കാരങ്ങൾ, അടച്ചിട്ട വീടിന്റെ പുറംചുമരുകളിൽ അടിക്കുന്ന വെയിലുപോലെയേ ഇവിടെ വന്നിട്ടുള്ളുവെന്നുണ്ടോ?

"ആന വന്നു!"

"നിന്റെ തന്ത വന്നു!" ബസ്സിനകത്തുനിന്ന് ആരോ തിരിച്ചടിച്ചു.

"നമ്മുടെ തന്ത ഇത്ര വലുതാ!" ചെറുക്കൻ അദ്ഭുതപ്പെട്ടപ്പോൾ, ബസ്സിനകത്ത് ആകെയൊരനക്കം. പിറുപിറുക്കൽ. വിമർശനം. അപ്പോഴേക്കും കറുത്ത ശരീരവും ചുവന്ന പല്ലുകളുമുള്ള ഒരു പെൺകിടാവ് എവിടെനിന്നോ വന്നു ചെറുക്കന്റെ ചെവിക്കുറ്റി കടന്നുപിടിച്ചു വലിച്ചു കൊണ്ടുപോകുന്നതു കണ്ടു.

ആ പെൺകിടാവിന്റെ ചടുലമായ ചലനം ഓർമ്മയുടെ ഏതോ തന്ത്രി മീട്ടുന്നതുപോലെ എനിക്കു തോന്നി!

ഏതു തന്ത്രി?

രാച്ചിയമ്മയ്ക്ക് എന്ന് ഉറക്കെപ്പറയാൻവേണ്ടി എന്റെ മനസ്സ് വിക്കി വിക്കി നിന്നതാവാം.

ഈ പ്രദേശത്തുള്ള എന്റെ ജീവിതം രാച്ചിയമ്മയോട് അത്രമേൽ ബന്ധപ്പെട്ടതാണ്. എന്നിട്ടും മനസ്സിൽ വ്യക്തമായി അവളുടെ രൂപം പൊന്തിവന്നില്ല.

പക്ഷേ, ബസ്സ് രണ്ടു വളവു തിരിഞ്ഞപ്പോൾ ഓർമ്മ പെട്ടെന്ന് എന്നെ ഞെട്ടിച്ചു. വർഷങ്ങൾക്കു മുൻപ് ഒരു സന്ധ്യയ്ക്കാണ് അതുണ്ടായത്: മുളകൾക്കും മനസ്സിനും ആണ്ടപൊട്ടുന്ന കാലം. അസ്വസ്ഥമായിരുന്നു മനസ്സ്. അതുകൊണ്ട് എന്തിനെന്നില്ലാതെ തെണ്ടിനടന്നു. ഒടുവിൽ, ആണ്ടപൊട്ടിച്ചുതിന്ന് ചെവിയും തുമ്പിയുമാട്ടിക്കൊണ്ടുനിന്ന ആ കട്ടപിടിച്ച ഇരുട്ടിന്മേൽ ചെന്നുകയറിപ്പോയേനെ. ഒരടികൂടിവെച്ചാൽ മതി. പക്ഷേ, നിന്നു.

മുൻപോട്ട് ഒരടി വെച്ചുകൂടാ. പിമ്പോട്ടു പോകാൻ ശക്തിയുമില്ല. വെറു ങ്ങലിച്ച നില്പ്.

പെട്ടെന്നാണ് ഒരു കൈ എന്റെ കൈത്തണ്ടമേലമർന്നത്. ഞാൻ എന്തു കൊണ്ട് ഉറക്കെ നിലവിളിച്ചില്ല എന്നറിഞ്ഞുകൂടാ. ഭയപ്പെട്ടു തൊണ്ടയടഞ്ഞതുകൊണ്ടാവാം. പ്രകൃതി തടഞ്ഞതാവാം. അഥവാ, ആ കൈകളിൽ സുരക്ഷിതനാണെന്ന അവ്യക്തബോധംകൊണ്ടുമാകാം.

എന്തായാലും ഞാൻ നിന്നു. എന്നെ കാട്ടിനുള്ളിലേക്കു വലിച്ചു കൊണ്ടുപോയി. കുറച്ചുകഴിഞ്ഞാണ് ആളെ നോക്കിയത്.

രാച്ചിയമ്മ!

"ആ ആനയെ പേടിപ്പിച്ചല്ലോ..."പളുങ്കുമണികൾ വെള്ളത്തിലെറിയും പോലെയുള്ള അവളുടെ പരിഹാസച്ചിരി കേട്ടപ്പോൾ ആ ചെകിട്ടത്തടി ക്കാൻ തോന്നിയില്ല. എന്റെ കൈത്തണ്ട അപ്പോഴും രാച്ചിയമ്മയുടെ പിടി യിൽ അമർന്നിരിക്കുകയായിരുന്നു.

"രാച്ചിയമ്മ എവിടെനിന്നു ചാടിവീണു?"

"ഞാൻ ഇവിടെത്തന്നെയല്ലേ!"

ഇതു പറഞ്ഞിട്ട് രാച്ചിയമ്മ പൊട്ടിപ്പൊട്ടിച്ചിരിച്ചു. ഇടിമിന്നൽക്കഷണങ്ങൾ ചിതറുംപോലെയുണ്ടായിരുന്നു ആ ചിരി.

കാട്ടിലെ ഒറ്റയടിപ്പാതയിലൂടെ അവൾ എന്നെ നയിച്ചു. അപ്പോൾ രാച്ചി യമ്മയെപ്പറ്റി മാത്രമായിരുന്നു എന്റെ ചിന്ത. ഇരുട്ടിന്റെ കരിങ്കൽഭിത്തി കൾക്കു നടുവിലൂടെ നീങ്ങുന്ന ഒരു നീലവെളിച്ചം!

ഭൂതകാലസ്മരണകൾ, നനഞ്ഞ മൺഭിത്തികൾപോലെ, മനസ്സിലേക്ക് ഇടിഞ്ഞടർന്നു വീഴുകയായിരുന്നു. ഞാനവയിലെ കൽത്തുണ്ടങ്ങളി ലേക്കും ചളിക്കട്ടകളിലേക്കും നോക്കിക്കൊണ്ടു നിന്നു. അപ്പോൾ രാച്ചി യമ്മ അന്വേഷിച്ചു:

"എന്തിനിപ്പോൾ വന്നു? പിന്നെയും ഇവിടെയായോ ജോലി?"

"ഇല്ല. ഞാൻ മിസ്സിസ് നായരെ കാണാൻ വന്നതാണ്."

"അതു നന്നായി. നമ്മൾക്കും കാണാറായല്ലോ." രാച്ചിയമ്മ എന്നെ ഒന്നു ഴിഞ്ഞുനോക്കിയിട്ടു തുടർന്നു: "ആൾ കുറച്ചു തടിച്ചല്ലോ!"

"പ്രായമാകുമ്പോൾ തടിക്കില്ലേ?"

"നമ്മൾ തടിച്ചില്ലല്ലോ."

"രാച്ചിയമ്മയ്ക്കു പ്രായമായിട്ടുണ്ടാവില്ല."

അവൾ പൊട്ടിപ്പൊട്ടിച്ചിരിച്ചു. ഇടിമിന്നൽക്കഷണങ്ങൾ ചിതറിവീണു. ആ ഓരോ കഷണവും അഗാധമായ ഏതോ ഇരുൾക്കുഴിയിലേക്കു പതുക്കെപ്പതുക്കെ ഊർന്നിറങ്ങിപ്പോകുന്നതായിക്കണ്ടു.

ഞാൻ ഒന്നും സംസാരിച്ചില്ല; രാച്ചിയമ്മയും. സംസാരിച്ചില്ലെന്നു തോന്നിയതുമില്ല. എന്റെ മനസ്സു വാചാലമായിരുന്നു; രാച്ചിയമ്മയുടേതോ?

"രാച്ചിയമ്മ കൂടക്കൂടെ ഇവിടെ വന്നു നിങ്ങളെപ്പറ്റി അന്വേഷിക്കും." മിസ്സിസ് നായർ പറഞ്ഞു. ഉദാരഭാവത്തിൽ അവർ ഇതുകൂടി കൂട്ടിച്ചേർത്തു: "ഞങ്ങൾ എല്ലാം വിസ്തരിച്ചു പറഞ്ഞുകൊടുക്കാറുമുണ്ട്."

മിസ്സിസ് നായർ പൊട്ടിച്ചിരിച്ചപ്പോൾ എന്റെ ഹൃദയത്തിൽ ഒരു നൊമ്പരമാണ് അനുഭവപ്പെട്ടത്. അത് അവരുടെ കൃത്രിമപ്പല്ലുകളുടെ തിളക്കം കണ്ടിട്ടായിരുന്നില്ല.

രാച്ചിയമ്മ അപ്പോഴും നിശ്ശബ്ദയായി നില്ക്കുകയായിരുന്നു. ഓർക്കുകയാണോ? എന്തായിരിക്കും ഓർക്കുക? രാച്ചിയമ്മയ്ക്കു കുറേ ഓർക്കാനില്ലേ?....

ആ ദിവസങ്ങൾ എന്റെ മനസ്സിലേക്കു തള്ളിക്കടന്നുവന്നു. രണ്ടുമൂന്നു ദിവസം കലശലായി പനിച്ചു. അതത്ര വിഷമമുള്ളതായിരുന്നില്ല. കലശലായ തലവേദന അകമ്പടിയില്ലായിരുന്നുവെങ്കിൽ ആ പനി രസകരമായ അനുഭവമായേനെ!

മൂന്നാംദിവസം കാലത്താണു കണ്ടത്. മേലാകെ പൊന്തിയിരിക്കുന്നു. പുതപ്പെ ഇളവെയിൽ കടന്നുവരുന്ന ജാലകത്തിനരികെപ്പോയി നിന്നു. പുതപ്പെടുത്തു മാറ്റിനോക്കി. പവിഴമണികൾ വാരിവിതറിയിരിക്കുന്നു. കണ്ണാടിക്കടുത്തു നിന്നു. മുഖത്തുണ്ടോ? കുറച്ചേയുള്ളൂ. ഇനിയും പൊന്തുമോ എന്നു പറയാൻ പറ്റില്ല.

എന്തൊക്കെയോ ആലോചിച്ചുകൊണ്ടു കട്ടിലിൽ വന്നിരുന്നപ്പോൾ അരിവെപ്പുകാരൻ ചെറുക്കൻ വന്നു ചോദിച്ചു:

"കാപ്പി കൊണ്ടുവരട്ടേ?"

"വേണ്ട."

"ചായ?"

"നീ ഇപ്പോൾ പോകണം."

"എങ്ങോട്ട്?"

"നിന്റെ വീട്ടിലേക്ക്."

അവൾ പൊട്ടിപ്പൊട്ടിച്ചിരിച്ചു. ഇടിമിന്നൽക്കഷണങ്ങൾ ചിതറിവീണു. ആ ഓരോ കഷണവും അഗാധമായ ഏതോ ഇരുൾക്കുഴിയിലേക്കു പതുക്കെപ്പതുക്കെ ഊർന്നിറങ്ങിപ്പോകുന്നതായിക്കണ്ടു.

ഞാൻ ഒന്നും സംസാരിച്ചില്ല; രാച്ചിയമ്മയും. സംസാരിച്ചില്ലെന്നു തോന്നിയതുമില്ല. എന്റെ മനസ്സു വാചാലമായിരുന്നു; രാച്ചിയമ്മയുടേതോ?

“രാച്ചിയമ്മ കൂടക്കൂടെ ഇവിടെ വന്നു നിങ്ങളെപ്പറ്റി അന്വേഷിക്കും.” മിസ്സിസ് നായർ പറഞ്ഞു. ഉദാരഭാവത്തിൽ അവർ ഇതുകൂടി കൂട്ടിച്ചേർത്തു: “ഞങ്ങൾ എല്ലാം വിസ്തരിച്ചു പറഞ്ഞുകൊടുക്കാറുമുണ്ട്.”

മിസ്സിസ് നായർ പൊട്ടിച്ചിരിച്ചപ്പോൾ എന്റെ ഹൃദയത്തിൽ ഒരു നൊമ്പരമാണ് അനുഭവപ്പെട്ടത്. അത് അവരുടെ കൃത്രിമപ്പല്ലുകളുടെ തിളക്കം കണ്ടിട്ടായിരുന്നില്ല.

രാച്ചിയമ്മ അപ്പോഴും നിശ്ശബ്ദയായി നില്ക്കുകയായിരുന്നു. ഓർക്കുകയാണോ? എന്തായിരിക്കും ഓർക്കുക? രാച്ചിയമ്മയ്ക്കു കുറേ ഓർക്കാനില്ലേ?....

ആ ദിവസങ്ങൾ എന്റെ മനസ്സിലേക്കു തള്ളിക്കടന്നുവന്നു. രണ്ടുമൂന്നു ദിവസം കലശലായി പനിച്ചു. അതത്ര വിഷമമുള്ളതായിരുന്നില്ല. കലശലായ തലവേദന അകമ്പടിയില്ലായിരുന്നുവെങ്കിൽ ആ പനി രസകരമായ അനുഭവമായേനെ!

മൂന്നാംദിവസം കാലത്താണു കണ്ടത്. മേലാകെ പൊന്തിയിരിക്കുന്നു. ഇളവെയിൽ കടന്നുവരുന്ന ജാലകത്തിനരികെപ്പോയി നിന്നു. പുതപ്പെടുത്തു മാറ്റിനോക്കി. പവിഴമണികൾ വാരിവിതറിയിരിക്കുന്നു. കണ്ണാടിക്കടുത്തു നിന്നു. മുഖത്തുണ്ടോ? കുറച്ചേയുള്ളൂ. ഇനിയും പൊന്തുമോ എന്നു പറയാൻ പറ്റില്ല.

എന്തൊക്കെയോ ആലോചിച്ചുകൊണ്ടു കട്ടിലിൽ വന്നിരുന്നപ്പോൾ അരിവെപ്പുകാരൻ ചെറുക്കൻ വന്നു ചോദിച്ചു:

“കാപ്പി കൊണ്ടുവരട്ടേ?”

“വേണ്ട.”

“ചായ?”

“നീ ഇപ്പോൾ പോകണം.”

“എങ്ങോട്ട്?”

“നിന്റെ വീട്ടിലേക്ക്.”

"എന്തിന്, സാർ?"

"ഒന്നും ചോദിക്കരുത്. ഒരുമാസം കഴിഞ്ഞു വന്നാൽ മതി."

അർത്ഥം മനസ്സിലാകാത്തതുപോലെ സ്വല്പനേരം നിന്നിട്ട് അവൻ പോയി. കുറേക്കഴിഞ്ഞപ്പോൾ രാച്ചിയമ്മയുടെ ശബ്ദം കേട്ടു:

"ഇവിടെ ആളില്ലേ?"

"ഇല്ല." - ഞാൻ കിടക്കുന്നിടത്തുനിന്നുതന്നെ വിളിച്ചു പറഞ്ഞു.

"അപ്പറഞ്ഞതു ചെകുത്താനാണോ?"

ചെകിടത്തടിക്കാൻ തോന്നി. വാദപ്രതിവാദത്തിന്നു വന്ന അവസരം. വീണ്ടും വിളിച്ചെങ്കിലും ഉത്തരം പറഞ്ഞില്ല.

വാതിൽപ്പൊളി നീങ്ങുന്ന ശബ്ദം. രാച്ചിയമ്മയുണ്ടു മുമ്പിൽ:

"എന്താണു മൂടിപ്പുതച്ചു കിടക്കുന്നത്?"

"സുഖമില്ല."

"എന്താണു സുഖക്കേട്?"

"കുരുപ്പ്."

രാച്ചിയമ്മ എനിക്കു തടുത്തുവയ്ക്കാൻ കഴിയുന്നതിനുമുന്നേ, പുതപ്പെടുത്തുമാറ്റി, ആകെയൊന്നു നോക്കിയിട്ടു പറഞ്ഞു:

"ഇതിനെന്താ, അമ്മവിളയാട്ടമല്ലേ?"

പിന്നീടൊന്നും പറഞ്ഞില്ല. വീടൊക്കെ വെടുപ്പാക്കി, കാപ്പിയുണ്ടാക്കി. തണുത്ത കാപ്പിയുമായി അടുത്തുവന്നു പറഞ്ഞു:

"തണുത്തതേ കഴിക്കാവൂ."

കുറച്ചു കഴിഞ്ഞപ്പോൾ എവിടെനിന്നോ കുറെ പടപ്പഴം കൊണ്ടു വന്നു.

"എല്ലാം തിന്നണം. ഒന്നുകൂടി പനിക്കട്ടെ. പൊന്താൻ ബാക്കിയുള്ളതൊക്കെ പൊന്തട്ടെ."

തണുത്ത കഞ്ഞി, തണുത്ത ചോറ്, തണുത്ത കാപ്പി-രാച്ചിയമ്മയൊഴികെ എല്ലാം തണുത്തതുതന്നെ. ഇറക്കാൻ വിഷമം തോന്നി. പക്ഷേ, രാച്ചിയമ്മ വിട്ടില്ല:

"കഴിക്കാനാണു പറഞ്ഞത്."

തിന്നു; കുടിച്ചു.

പിറ്റേന്നുമുതൽ തണുതണെയുള്ള ഒരുതരം വെള്ളംകൊണ്ടു കണ്ണിൽ

ധാര. ഞാൻ സമ്മതിക്കാനോ പ്രതിഷേധിക്കാനോ പോയില്ല. എല്ലാം നടക്കട്ടെ. കാലത്ത് എനിക്കു ഭക്ഷണവും തന്നു രാച്ചിയമ്മ പോകും. വൈകുന്നേരം തിരിച്ചുവരും.

ഞാൻ പറഞ്ഞു: "ഇതു പകർച്ചവ്യാധിയാണ്."

"അറിയാം." -രാച്ചിയമ്മ.

"രാച്ചിയമ്മ ഇങ്ങനെ വരുന്നതു ശരിയാണോ?"

"ശരിയാണ്."

"വേണ്ട, രാച്ചിയമ്മാ."

"പിന്നെ നിങ്ങളിവിടെക്കിടന്നു ചാകാനോ? ആ ചെറുക്കനെ വിരട്ടിയോടിച്ചതുപോലെ, എന്നോടു പറ്റില്ല."

തർക്കിച്ചിട്ടു കാര്യമില്ല.

കുരുക്കളെല്ലാം പൊന്തിക്കഴിഞ്ഞു, മേലെല്ലാം; മൂക്കിന്റെ അറ്റത്തും ഉള്ളിലും നഖത്തിന്റെ ഇടയിലും. പഴുത്തു വീർത്തു കുരുക്കൾക്കിടയിലുള്ള വിടവു നികന്നു.

വിങ്ങൽ, വേദന, ചൊറിച്ചിൽ!

ഞാൻ ഞരങ്ങുമ്പോൾ, രാച്ചിയമ്മ അടുത്തിരുന്നു വേപ്പിൻതൂപ്പുകൊണ്ടു ദേഹത്തിൽ പതുക്കെപ്പതുക്കെ തടവിയിട്ടു പറഞ്ഞു: "ഞരങ്ങാതെ; നാളെയ്ക്ക് ഒക്കെ സുഖമാകും."

ആ കൊച്ചുവാചകം ഏകാന്തതയുടെ മരുഭൂമിയാകെ നനച്ചു. എന്നിട്ടും ഞരങ്ങാതിരിക്കാൻ കഴിഞ്ഞില്ല.

രാച്ചിയമ്മ എവിടെയോ പോയി സ്വല്പം മഞ്ഞൾപ്രസാദം കൊണ്ടുവന്ന് എന്റെ ശിരസ്സിൽ തടവി, മേലൊക്കെ വിതറി. എന്നിട്ട് ആരോടെന്നില്ലാതെ പറയുന്നതു കേട്ടു: "അമ്മാ, നീ കണ്ടോ!"

പ്രാർത്ഥനയേക്കാൾ അധികം ഭീഷണിയായിരുന്നു അത്. കടം കൊടുത്ത പണം മടക്കിവാങ്ങാനുപയോഗിച്ച അതേ സ്വരമായിരുന്നു.

അതു ഫലിച്ചുവെന്നു തോന്നുന്നു. ഇറക്കംവച്ചു. വേദന നിലച്ചു. ചൊറിയും കുറഞ്ഞു. ഞാൻ അല്പാല്പമുറങ്ങുകയും ധാരാളംനേരം മയങ്ങിക്കിടക്കുകയും ചെയ്തു. മയങ്ങിക്കിടക്കുന്ന എന്റെ മുൻപിൽ അരിയും മഞ്ഞൾപ്പൊടിയും തെച്ചിപ്പൂവും കൂട്ടിയെറിഞ്ഞ് ചെകുത്താന്മാരെയും മസൂരി തുടങ്ങിയ വ്യാധികളെയും പുറത്താക്കാൻവേണ്ടി നാട്ടിൽ നടക്കാറുള്ള വെളിച്ചപ്പാട് വന്നു. ഇരുഭാഗത്തേക്കും ചിതറിയിട്ട മുടി. മഞ്ഞക്കുറി. കെട്ടിച്ചുറ്റിയ ചോപ്പ്. അലരിപ്പൂവിന്റെ മണം. വാളിന്റെ തിളക്കം.

ചിലമ്പിന്റെ കിലുക്കം. തോറ്റം ചൊല്ലുന്നു. അനേകം മസൂരികളുടെ പേര്. ആനടിയൻ, അത്തിത്താമര, ചേരവളയൻ, അകംതടിയൻ, പുറംതടിയൻ-ഈവിധം തൊണ്ണൂറ്ററു മഹാവ്യാധികളെ ഒഴിവാക്കാൻ മഹാകാളിയെ വിളിക്കുന്നു. കാളി വരുന്നു. വെമ്പട്ടണിഞ്ഞ്, ചിങ്ങപ്പുറമേറി. വാളിന്റെ മൂർച്ച കണ്ണിലും കണ്ണിന്റെ തിളക്കം വാളിലുമായി നിന്നലറുന്നു. അപ്പോൾ അടിയാർ കേഴുന്നു: 'മാരിപോലെ വന്നതു മഞ്ഞുപോലെ പോകണേ!'

"വേദന മാറിയില്ലേ?"

കൺമിഴിച്ചു നോക്കിയപ്പോൾ കൊച്ചുകാളി മുൻപിൽ നില്ക്കുന്നു. ഇടിമിന്നൽപോലെയുള്ള ചിരിയോടെ തുടർന്നു: "മാറി, മാറി. ഇനി ഞരങ്ങിയാൽ നമ്മൾ അടിക്കും." ചിരി വന്നെങ്കിലും ചിരിച്ചില്ല. കണ്ണടച്ചു മിണ്ടാതെ കിടന്നു. മനസ്സിന്റെ മുൻപിൽ ആ കൊച്ചുകാളിയുടെ വിഗ്രഹം തെളിഞ്ഞു നിന്നു:

"ദാരിയന്റെ ചോരകുടിച്ചലറുന്നോരമ്മേ...."

കാൽച്ചിലമ്പു തകർത്തുകുലുക്കീട്ടാടുന്നോരമ്മേ...."

ആ പാട്ട് ഓർമ്മവന്നപ്പോൾ ചിരിക്കാതെ കഴിഞ്ഞില്ല.

"ചിരിക്കുന്നുണ്ട്. വേദന മാറി."

കൺമിഴിച്ചില്ല. എങ്കിലും ആ ചോദ്യത്തിൽ വേദനിപ്പിക്കുന്ന എന്തോ ഒന്നുള്ളതായി തോന്നി. ഇന്നും രാച്ചിയമ്മയുടെ ചോദ്യം കേട്ടപ്പോൾ അതേ വേദനയാണ് ഉണ്ടായത്.

"ഇപ്പോൾ പണമൊക്കെ ഉണ്ടാക്കി സുഖമായിരിക്കുന്നു, അല്ലേ?"

എന്റെ മിഴികൾ കീഴ്പോട്ടു താഴുന്നതു കണ്ടിട്ടാണെന്നു തോന്നുന്നു, രാച്ചിയമ്മ പറഞ്ഞു:

"നിങ്ങൾ സുഖമായിരിക്കുമ്പോൾ നമ്മൾക്കു സന്തോഷം."

എന്തിനു സന്തോഷമെന്നു ചോദിച്ചില്ല.

വീണ്ടും മൂകത. പക്ഷേ, അതറിയാത്ത വിധത്തിൽ മിസ്സിസ് നായർ വാതോരാതെ സംസാരിച്ചു. പുതുതായി വാങ്ങിയ ഷവർലേ കാറിന്റെ ഗുണങ്ങളെപ്പറ്റി വളരെ പറയാനുണ്ടായിരുന്നു. ഊട്ടിക്കോ ബാംഗ്ലൂർക്കോ ഗുരുവായൂർക്കോ ആദ്ധ്യാത്മികപ്രസംഗങ്ങൾ കേൾക്കാനോ ക്ഷേത്രദർശനത്തിനോ പോകേണ്ടിവരുമ്പോൾ ഒരു വലിയ കാറില്ലാതെ കഴിയില്ല. കാറിൽ കയറിയിരുന്നു കണ്ണടച്ചു നാമജപം തുടങ്ങിയാൽ എത്തേണ്ടിടത്ത് എത്തിയേ കണ്ണുതുറക്കാറുള്ളൂ. അതിന്നിടയിൽ വലിയ ഇളക്കവും കുലുക്കവും പാടില്ല.

ഒരു കൊച്ചു കാറുകൂടി വാങ്ങാൻ ഏർപ്പാടു ചെയ്തിരിക്കുന്നു. പേർഷ്യൻഗൾഫിലുള്ള മകളും ഭർത്താവുംകൂടി അടുത്തദിവസം വരും. അവർക്കു ചുറ്റിത്തിരിയാൻ ഒരു കൊച്ചു കാറു വേണം- ഒരു ഫിയറ്റ്.

"എപ്പോൾ പോകുന്നു?" രാച്ചിയമ്മ ഇടയിൽക്കടന്നു ചോദിച്ചു.

"നാളെ കാലത്ത്."

"നമ്മൾ കണ്ടുകൊള്ളാം. ഇപ്പോൾ പോകട്ടെ, എരുമയ്ക്കു വെള്ളം കൊടുക്കണം."

മിസ്സിസ് നായർ അപ്പോഴും തന്റെ കാറുകളെയും ഫ്രിഡ്ജുകളെയും ഒടുക്കത്തെ മകളുടെ സ്വഭാവശുദ്ധിയെയും ബദരീനാഥയാത്രയിലെ ആദ്ധ്യാത്മികാനുഭൂതികളെയും പറ്റി സംസാരിക്കുകയായിരുന്നു.

എന്റെ മനസ്സ് എരുമകൾക്കു വെള്ളം കൊടുക്കാൻവേണ്ടി പോയ രാച്ചിയമ്മയുടെ കൂടെ പോയിരുന്നു.

മസൂരിമാറി കുളിച്ച ദിവസങ്ങളിൽ രാച്ചിയമ്മ എരുമകളെയും എന്നെയും എങ്ങനെ മാറി മാറി ശുശ്രൂഷിച്ചുവെന്നും അപ്പോൾ ഞാൻ ഓർത്തു. രാച്ചിയമ്മയോട് ഒരു ദിവസം പറഞ്ഞു:

"ഇനി നാട്ടിൽ പോകാം. ലീവ് കഴിയുമ്പോൾ തിരിച്ചുവരാം."

"ഇപ്പോൾ സർക്കീട്ടടിക്കാൻ നമ്മൾ വിടില്ല."

വിടില്ല എന്നു പറഞ്ഞാൽ വിടില്ലെന്നുതന്നെയാണർത്ഥം. രാച്ചിയമ്മ കാലത്തു വരുന്നു, വീടു വെടിപ്പാക്കുന്നു, കാപ്പിയും പലഹാരവും ഉണ്ടാക്കിത്തരുന്നു; ഉച്ചഭക്ഷണം പാകം ചെയ്ത് അടച്ചുവെച്ച്, വന്ന ധൃതിയോടെ തന്നെ തിരിച്ചുപോകുകയും ചെയ്യുന്നു.

"എരുമയ്ക്കു വെള്ളം കൊടുക്കട്ടെ."

"പോത്തിനു തീറ്റയുണ്ടാക്കിവെച്ചു, അല്ലേ?"

രാച്ചിയമ്മ കുലുങ്ങിച്ചിരിച്ചു. കുറ്റിക്കാട്ടിനുള്ളിൽ അവളുടെ തല മറഞ്ഞിട്ടും പൊട്ടിച്ചിരി കേൾക്കാമായിരുന്നു.

ആരോഗ്യം വീണ്ടെടുത്ത് ആപ്പീസിൽ പോകാൻതുടങ്ങിയ കാലത്ത് ഒരു ദിവസം രാച്ചിയമ്മ ചോദിച്ചു:

"ഇനി ചെറുക്കൻ വരില്ലേ?"

"ഇല്ലെന്നു തോന്നുന്നു."

"നന്ദികെട്ട ശവം!" രാച്ചിയമ്മ കുറച്ചുനേരം എന്തോ ആലോചിച്ചിട്ടു ചോദിച്ചു:

“പെ...

“ഇല്ല.”

“ഉണ്ടായിട്ടില്ലേ?”

“ഒരാൾ ഉണ്ടായിരുന്നു; മരിച്ചു.”

ഇതു കേട്ടപ്പോൾ രാച്ചിയമ്മ എന്റെ മുഖത്തേക്കു നോക്കി സ്വല്പനേരം നിന്നു. ആ കണ്ണിൽ ഒരു വല്ലാത്ത ഭാവമായിരുന്നു. ചെവിയാട്ടാതെ നില്ക്കുന്ന ആനയുടെ കണ്ണുകളെ അതോർമ്മപ്പെടുത്തി. കുറച്ചുനേരം കഴിഞ്ഞിട്ടു രാച്ചിയമ്മ പറഞ്ഞു:

“നമ്മൾക്ക് ഒരാങ്ങളയുണ്ടായിരുന്നു; ചത്തു.”

നിശ്ശബ്ദത.

തിരിച്ചു പോകുമ്പോൾ രാച്ചിയമ്മയോടു ഞാൻ ചോദിച്ചു: “രാച്ചിയമ്മയ്ക്ക് ഇപ്പോൾ ആരുണ്ട്?”

“ദൈവം മാത്രം.”

അവൾ കടന്നുപോയപ്പോൾ വല്ലാത്ത ശൂന്യത അനുഭവപ്പെട്ടു. ഇപ്പോൾ, രാച്ചിയമ്മ പോയപ്പോൾ, ആ ശൂന്യത തിരിച്ചുവന്നപോലെ തോന്നുന്നു.

ഇതൊന്നും മിസ്സിസ് നായരുടെ സംഭാഷണത്തെ ബാധിച്ചിരുന്നില്ല. എക്സ്പോർട്ട് ലൈസൻസ് കിട്ടാൻവേണ്ടി തന്റെ ഭർത്താവ് പെടുന്ന പാടു വിവരിക്കുകയായിരുന്നു അവർ. മാസത്തിൽ ഒന്നും രണ്ടും തവണ ദില്ലിക്കു പോകണം. അദ്ദേഹത്തിനാണെങ്കിൽ എല്ലാത്തരം പ്ലെയിനിലും യാത്ര ചെയ്തുകൂടാ. ബ്ലഡ്പ്രഷറുള്ള മനുഷ്യനല്ലേ! ഈയിടെയായി വലിയ ആളുകൾക്കൊക്കെ ബ്ലഡ്പ്രഷറുണ്ട്. അവർ എന്നോടു ചോദിച്ചു:

“ബ്ലഡ് പ്രഷറുണ്ടോ?”

“ഇല്ല.”

“ഷുഗറുണ്ടോ?”

“ഇല്ല.”

ഉത്തരങ്ങൾ പറഞ്ഞുകൊണ്ടിരുന്നപ്പോഴും മനസ്സിൽ രാച്ചിയമ്മ നിറഞ്ഞുനിന്നു. ഞാൻ അവളെ ഉപദ്രവിച്ചിട്ടുണ്ട്. ആ രംഗം പതുക്കെപ്പതുക്കെ കടന്നുവന്നു.

ആപ്പീസിൽനിന്നു തിരിച്ചുവന്നതു നന്നേ ക്ഷീണിച്ചിട്ടാണ്. ഒന്നിനും ഉന്മേഷമില്ല. കുന്നിൻചെരിവിൽ ഒന്നു ചുറ്റിയടിക്കാം. അവിടെ പന്തലിച്ചു

നില്ക്കുന്ന സാമ്പ്രാണിമരത്തിനു ചുവട്ടിൽ നിലാവ്, കിതയ്ക്കുന്ന പുള്ളിമാനെപ്പോലെ നില്ക്കുന്നു.

ഞാൻ അവിടെ ഇരുന്നു. മൂകമായ കുന്നിൻചെരിവുകൾ, നീണ്ടു നീണ്ടുപോകുന്ന ചായത്തോട്ടങ്ങൾ, ഒരൊറ്റ മേഘച്ചുരുളുമില്ലാത്ത ആകാശം. എന്തൊരു ശൂന്യത!

പെട്ടെന്നാണ് രാച്ചിയമ്മ അങ്ങോട്ടു കടന്നുവന്നത്. നെൽവയലിന് അരുപറ്റിവരുന്ന ഒരു കറമ്പിപ്പശുവിനെപ്പോലെയുണ്ടായിരുന്നു. അപ്രതീക്ഷിതമായിരുന്നു ആ വരവ്. രാച്ചിയമ്മ ഒട്ടും അമ്പരപ്പില്ലാതെ എന്റെയരികെ വന്നിരുന്നു ചോദിച്ചു:

"വ്യസനമാണോ?"

"എന്തിന്?"

"നാട്ടിലുള്ളവരെപ്പറ്റി ആലോചിച്ചിട്ട്."

"ഇല്ല."

എന്റെ അമ്മയെപ്പറ്റി, അച്ഛനെപ്പറ്റി, കുടുംബാംഗങ്ങളെപ്പറ്റി, എല്ലാം രാച്ചിയമ്മ ചോദിച്ചു. എനിക്കും ആരോടെങ്കിലും എന്തെങ്കിലും പറയണമെന്നുണ്ടായിരുന്നു. മടിച്ചുനിന്നിരുന്ന ആമ്പൽമൊട്ടുകളെ നിലാവ് തൊട്ടുണർത്തുകയായിരുന്നു.

രാച്ചിയമ്മ എന്നിൽനിന്നകലെ, എന്നോടു ബന്ധമില്ലാതെ, ജനിച്ചു വളർന്നവളാണെന്ന് അപ്പോൾ തോന്നിയില്ല.

നിശ്ശബ്ദത. ഹൃദയമിടിപ്പു കേൾക്കാം.

ചായച്ചെടികൾക്കിടയിലെ സിൽവർ ഓക്കുമരങ്ങളിലൂടെ ചൂളമടിച്ചു കൊണ്ടു പോകുന്ന കാറ്റ്. അതു ദൂരെയുള്ള കോടമഞ്ഞിനെ പുല്കി ലയിച്ചുപോയേക്കാം.

രാച്ചിയമ്മയുടെ കൈ കടന്നുപിടിച്ചു. ആ വെള്ളിവളകൾ കലമ്പൽകൂട്ടി.

ലജ്ജയോ പരിഭ്രമമോ പ്രതീക്ഷിച്ചതാണ്. സൃഷ്ടിക്കും സ്വരക്ഷയ്ക്കുമുള്ള മോഹങ്ങൾ തമ്മിൽ ഒന്നുകൂട്ടിയുരസും.

പക്ഷേ, രണ്ടുമുണ്ടായില്ല.

ഒരു സന്ധ്യാകാലത്തിന്റെ നിഴൽപ്പാടു മുഴുവൻ ആ കണ്ണുകളിലേക്ക് ഊറിക്കൂടിയതുപോലെ തോന്നി.

"രാച്ചിയമ്മാ!"

അവൾ തേങ്ങിക്കരയുകയായിരുന്നു.

ഞാൻ ആ കൈ വിട്ടു ദൂരെ മാറിനിന്നു. അപ്പോൾ രാച്ചിയമ്മ എന്റെ കൈ ഇങ്ങോട്ടു കടന്നുപിടിച്ചു ചോദിച്ചു:

"പിണങ്ങിയോ?"

ഞാൻ ഒന്നും പറഞ്ഞില്ല. അപ്പോഴത്തെ എന്റെ മനസ്സ് എനിക്കറിഞ്ഞുകൂടായിരുന്നു.

"നമ്മളോടു പിണങ്ങരുത്." രാച്ചിയമ്മ തേങ്ങി: "നമ്മളുടെ ആങ്ങള ചത്തതിനുശേഷം സുഖം തോന്നിയതു നിങ്ങളെ കണ്ടപ്പോഴാണ്.

എന്റെ മറുപടി ആവശ്യമുണ്ടായിരുന്നില്ല.

"തള്ള ചാകുമ്പോൾ പറഞ്ഞ വാക്കാണ്..."

"എന്ത്?"

"നമ്മൾ കാവിൽ പോയി മഞ്ഞൾപ്രസാദം തൊട്ടു സത്യം ചെയ്തു, വഴിപിഴയ്ക്കില്ലെന്ന്." രാച്ചിയമ്മ തേങ്ങിക്കൊണ്ടുതന്നെ തുടർന്നു:

"ഇനി ഇഷ്ടംപോലെ."

അവളുടെ ഉയർന്ന മാറിടത്തിലേക്കു കണ്ണീർക്കണങ്ങൾ ഇറ്റിറ്റു വീണു ചിതറുന്നതു ഞാൻ കണ്ടു. നിമിഷങ്ങളും ഉടഞ്ഞു ചിതറിപ്പോകുന്നു.

അനങ്ങാതെ നില്ക്കുന്ന എന്റെ മുഖത്തേക്കുതന്നെ നനഞ്ഞ കണ്ണുകൾ ഉയർത്തിയിട്ടു രാച്ചിയമ്മ പറഞ്ഞു:

"നിങ്ങൾ ആവശ്യപ്പെടുന്നതെന്തിനും നമ്മൾ വഴങ്ങാം. പക്ഷേ, ഒന്നുണ്ട്."

"എന്താണ്?"

"അതു കഴിഞ്ഞു നമ്മൾ ജീവിച്ചിരിക്കില്ല. ഇനി ഇഷ്ടംപോലെ!"

വീണ്ടും രാച്ചിയമ്മ കൈ കടന്നുപിടിച്ചു. ആ കൈ തട്ടിനീക്കാനോ പിടിച്ചണയ്ക്കാനോ കഴിഞ്ഞില്ല. 'പെങ്ങളേ' എന്നു സത്യസന്ധമായി വിളിക്കാനും സാധിച്ചില്ല. ഒരു വേദനമാത്രം മനസ്സിൽ തങ്ങിനിന്നു. സിൽവർ ഓക്കുമരങ്ങൾക്കിടയിലൂടെ മൂളിമൂളിപ്പോകുന്ന കാറ്റിൽ ആ വേദന പകർന്നതായിത്തോന്നി.

"എന്താണ് ഒന്നും മിണ്ടാത്തത്?" രാച്ചിയമ്മ കൈത്തണ്ട പിടിച്ചു കുലുക്കി. ഞാൻ കീഴ്പ്പോട്ടു നോക്കിക്കൊണ്ടു പറഞ്ഞു:

"ക്ഷമിക്കണം രാച്ചിയമ്മ". ഉപദ്രവിച്ചതിൽ വ്യസനമുണ്ട്.

ഈ വാക്കുകൾ രാച്ചിയമ്മയെ അധികം കരയിപ്പിച്ചു. നിലാവിന്റെ

ഇതളുകൾ കൊഴിയാൻതുടങ്ങിയപ്പോൾ ഞങ്ങൾ രണ്ടുവഴിക്കു നീങ്ങി. നിഴലുകളും കോടമഞ്ഞും കൂടിക്കുഴഞ്ഞ അന്തരീക്ഷത്തിലേക്കു മറഞ്ഞു പോകുന്ന അവളെ നോക്കിക്കൊണ്ടു നിന്നപ്പോൾ അകത്തു നിന്നൊരു ചോദ്യം: "നീ ആരാണമ്മാ?"

ഇന്നും ആ ചോദ്യത്തിനുത്തരമില്ല.

മിസ്സിസ് നായരുടെ കഥാകാലക്ഷേപത്തിൽനിന്നു സ്വല്പം ഒഴിഞ്ഞു നില്ക്കണമെന്നു മോഹിച്ചാണ് വൈകുന്നേരം പുറത്തേക്കിറ ങ്ങിയത്. കുന്നിൻചെരിവിൽവെച്ചു രാച്ചിയമ്മയെ കാണുമെന്നു വിചാരിച്ചതല്ല.

തടിച്ച സാമ്പ്രാണിമരത്തിനു പിമ്പിൽനിന്ന് അവൾ അപ്രത്യക്ഷപ്പെടുക യാണുണ്ടായത്. കുളിച്ച് ആറാനിട്ട മുടി. അവളുടെ ചന്ദനപ്പൊട്ടിനോ, പല്ലുകൾക്കോ അധികം തിളക്കമെന്നു പറയാൻ വയ്യ.

"എന്തുകൊണ്ട് ഭാര്യയെ കൊണ്ടുവന്നില്ല?" അവൾ ചോദിച്ചു.

"ഭാര്യയുണ്ടെന്ന് ആരു പറഞ്ഞു?"

"നിങ്ങൾ അറിയിച്ചില്ലെങ്കിലും നമ്മൾ അറിയും. മകൾ വിജയലക്ഷ്മി സ്കൂളിൽ പോകാൻ തുടങ്ങിയോ?"

"ഉവ്വ്."

എന്നെപ്പറ്റി എല്ലാം അറിഞ്ഞുവെച്ചിരിക്കുന്നു.

"വിജയലക്ഷ്മിയെ കൊണ്ടുവന്നില്ലല്ലോ. നമ്മൾക്ക് ഒന്നെടുത്ത് ഉമ്മവയ്ക്കാൻ തോന്നുന്നു."

ഞാൻ ചിരിച്ചതേയുള്ളൂ.

"പഴയമാതിരിതന്നെ പണം വെള്ളംപോലെ ചെലവാക്കുന്നു, അല്ലേ?" രാച്ചിയമ്മ ചോദിച്ചു.

"അത്രയൊന്നും പണമില്ല, രാച്ചിയമ്മാ."

"ഉള്ളത്. വിജയലക്ഷ്മിയെ നല്ല ഒരു ചെറുക്കന്റെകൂടെ അയയ്ക്കണം. പണ്ടം കൊടുക്കണ്ടേ? പണം കൊടുക്കണ്ടേ? നിങ്ങളെന്താ ചിരിക്കുന്നത്?"

"രാച്ചിയമ്മ പണം സൂക്ഷിക്കുന്നുണ്ടോ?"

"ഉണ്ട്."

"കൈയിലെത്ര പണമുണ്ട്?"

"കൈയിലില്ല. ഒക്കെ ബാങ്കിൽ. ഇവിടെ ഇപ്പോൾ ബാങ്കു വന്നല്ലോ. കൈയിൽ വെച്ചാൽ കടംചോദിക്കും. കൊടുത്താൽ മടക്കിക്കിട്ടാൻ

ബുദ്ധിമുട്ട്. പിന്നെ ബാങ്കിൽ പലിശ കിട്ടും. നമ്മുടെ നാട് ഇപ്പോൾ വലിയ നാടായി. സ്കൂൾ വന്നു. കോടതി വന്നു. പോലീസ് ആപ്പീസ് വന്നു. ബാങ്കു വന്നു. പിന്നെ ടൂറിസ്റ്റാപ്പീസ് വന്നു. ടൂറിസ്റ്റാപ്പീസിൽ നമ്മൾ പാൽ കൊടുക്കുന്നു." ഇതു പറഞ്ഞിട്ട് രാച്ചിയമ്മ ഒന്നു പൊട്ടിച്ചിരിച്ചു.

"എന്നിട്ടും രാച്ചിയമ്മയ്ക്കു കല്യാണം വന്നില്ലല്ലോ?"

ഉത്തരമുണ്ടായില്ല.

"ഇങ്ങനെ എത്ര നാൾ കഴിയും?"

"ചാകുന്നതുവരെ."

"സഹായത്തിന് ഒരാൾ വേണ്ടേ?"

"ദൈവമുണ്ടല്ലോ."

"ഒരു സഹായികൂടി ഉണ്ടാകുന്നതല്ലേ നല്ലത്?"

രാച്ചിയമ്മ നിഷേധാർത്ഥത്തിൽ പതുക്കെ തലയാട്ടി.

"പിന്നെ ആർക്കുവേണ്ടി പണം സൂക്ഷിക്കുന്നു?"

"നമ്മളുടെ അവകാശിക്കുവേണ്ടി"

"അതാരാണ്?"

"വിജയലക്ഷ്മി: നിങ്ങളുടെ മകൾ. ബാങ്കിൽ അവകാശിയായി... അവളുടെ പേരാണ് നമ്മളെഴുതിക്കൊടുത്തിട്ടുള്ളത്."

"എന്ത്!"

"നമ്മൾ ചത്താൽ പണമൊക്കെ വിജയലക്ഷ്മിക്ക്. ചാകുന്നതിനു മുൻപും എടുക്കാം. പക്ഷേ, നിങ്ങൾക്കു തന്നാൽ ഗുണമില്ല. ഫൂ... ഒക്കെ വെള്ളംപോലെ ഒഴുക്കും."

ഞാൻ രാച്ചിയമ്മയുടെ കൈത്തണ്ട കടന്നുപിടിച്ചു. എന്റെ പെങ്ങളേ!... രാച്ചിയമ്മയ്ക്ക് ഒരു ഭാവവ്യത്യാസവുമുണ്ടായില്ല. അവൾ ചോദിച്ചു !

"എന്റെ വീട്ടിൽ വരാമോ?"

"തീർച്ചയായും."

പഴയ വീടല്ല. കുറേക്കൂടി ചന്തം വരുത്തിയിരിക്കുന്നു. ഞാൻ തലകുനിച്ച് ഉള്ളിലേക്ക് കടന്നു. മിനുസപ്പെടുത്താത്ത പലകകൊണ്ടുണ്ടാക്കിയ ബഞ്ചിൽ ഇരുന്നു.

രാച്ചിയമ്മ തന്ന ചെറുചൂടുള്ള എരുമപ്പാൽ ഊതിയൂതി കുടിക്കുമ്പോൾ അവൾ എന്നെ നോക്കിക്കൊണ്ട് കഴിഞ്ഞ കഥകൾ പറകയായിരുന്നു. "മൂന്നു കല്യാണാലോചന വന്നു. മൂന്നും വേണ്ടെന്നു പറഞ്ഞു."

"കാരണം?"

"രണ്ടുപേരും നമ്മടെ പണം കിട്ടാൻ വന്നതാ."

"മൂന്നാമത്തേവനെ?

"വേണ്ടെന്നു പറഞ്ഞു"

"കാരണം?"

"കാരണമില്ല." കൂടുതൽ ചോദിക്കുന്നത് ഇഷ്ടപ്പെടാത്തതുപോലെ അവൾ വിഷയം മാറ്റി. എന്നിട്ടു ചെങ്കൽച്ചളിയും കരിയുംകൂടി മോടി പിടിപ്പിച്ച ചുമരിലേക്കു ചൂണ്ടിക്കാട്ടി. അതു കണ്ടോ?"

അടുത്തുചെന്നു നോക്കി. എന്റെ ഒരു പഴയ ഫോട്ടോ!

രാച്ചിയമ്മ ഇടിമിന്നലുപോലുള്ള പുഞ്ചിരി തുരുതുരെ വർഷിച്ചു. ചുറ്റും കനത്തുവരുന്ന ഇരുട്ടിൽ അവ കൂടുതൽ തെളിഞ്ഞു.

രാച്ചിയമ്മ എന്റെ കൈ പിടിച്ചിട്ടു പതിഞ്ഞ സ്വരത്തിൽ ചോദിച്ചു:

"നമ്മളെ മറന്നോ?"

"ഇല്ല."

"എന്നിട്ടും ഇത്രകാലവും ഒരു വിവരവും അറിയിച്ചില്ലല്ലോ? നമ്മൾ എന്നും വിചാരിക്കും, വരും വരുമെന്ന്."

ദേഹത്തോടുരുമ്മി നില്ക്കുന്ന രാച്ചിയമ്മയുടെ കണ്ണുകളിലേക്കു നോക്കി. നിഴലും നിലാവും കൂടിപ്പിണഞ്ഞുകിടക്കുന്ന ആ നീലക്കയങ്ങളിൽ അവ്യക്തമായ ഒരു വെള്ളിമീൻ നീന്തിക്കളിക്കുന്നുണ്ടായിരുന്നു.

"രാച്ചിയമ്മാ!"

"നമ്മളെ മറന്നില്ലേ?"

"നീ മഞ്ഞൾപ്രസാദം തൊട്ടു സത്യം ചെയ്തതല്ലേ?

"അതേ."

"എന്നിട്ട്?"

"നമ്മൾ ആ മഞ്ഞൾക്കുറി തുടച്ചുകളഞ്ഞു. നോക്കൂ. നമ്മുടെ നെറ്റിയിൽ ചന്ദനക്കുറിയാണല്ലോ." മന്ത്രിക്കുന്നതുപോലെ അവൾ തുടർന്നു:
"നമ്മൾ മനുഷ്യരല്ലേ? മണ്ണുകൊണ്ടുണ്ടാക്കിയതല്ലല്ലോ?"

ഈ തത്ത്വജ്ഞാനം എവിടെനിന്നു പഠിച്ചുവെന്നു ഞാൻ ചോദിച്ചില്ല. ഇളകിയ മണ്ണിന്റെയും യൂക്കാലിപ്റ്റസിന്റെയും മണം കൂടിക്കലർന്ന കാറ്റു കടന്നുവന്നു. അതു വയ്ക്കോൽക്കൂമ്പാരത്തിലും വള്ളിപ്പടർപ്പുകളിലും തിരുപ്പിടിച്ചു.

എന്റെ കണ്ണുകളിലേക്കു തറച്ചുനോക്കിക്കൊണ്ട് രാച്ചിയമ്മ പറഞ്ഞു: "നമ്മുടെ അമ്മയുടെ അമ്മയെ കൊണ്ടുവന്നതു മലയാളിയാണ്."

രാച്ചിയമ്മയുടെ ശിരസ്സിലുണ്ടായിരുന്ന ഒന്നുരണ്ടു വെള്ളിവരകൾ എന്റെ നേരെ പുഞ്ചിരി പൊഴിച്ചു. എനിക്കും പുഞ്ചിരിതൂകാതെ കഴിഞ്ഞില്ല.

വീട്ടിലെത്തിയപ്പോൾ മിസ്സിസ്സ് നായർ കാത്തിരിക്കുന്നതു കണ്ടു. അവർ ചോദിച്ചു: "നാളെ കാലത്തു പോകുന്നോ?"

"ഉവ്വ്."

"ഞങ്ങളുടെ ഷവർലേയിൽ പോകാം."

"നന്ദി! എനിക്കു ബസ്സു മതി."

അവർ കൂടുതൽ സംസാരിച്ചില്ല. ഞാൻ വേഗത്തിൽ ഉറങ്ങുകയും ചെയ്തു.

പിറ്റേന്നു കാലത്തു ബസ്സ് ചുരമിറങ്ങുമ്പോൾ അവ്യക്തമായ വേദന തിങ്ങുന്ന ഹൃദയത്തിൽ ആ പഴയ വരി പൊന്തിവന്നു; 'അവളെ പേടിച്ചാരും നേർവഴി...'ഛെ, പെട്ടെന്നു നിറുത്തി. മനസ്സു മറ്റൊരു വരി ഓർത്തു. "കാൽച്ചിലങ്ക തിമർത്തുകുലുക്കീട്ടാടുന്നോരമ്മേ...."

അതു മൂളിക്കൊണ്ടു ചുരമിറങ്ങുമ്പോൾ ചുറ്റും നോക്കി. മനോഹരങ്ങളായ കുന്നുകൾ. ഭൂമിയിലേക്കു താഴ്ന്നുനില്ക്കുന്ന നീലാകാശം. അവ്യക്തസുന്ദരമായ കോടമഞ്ഞ്. മാദകഗന്ധം പരത്തുന്ന യൂക്കാലിപ്റ്റസ് മരങ്ങൾ. വിഷംകുറഞ്ഞ മനോഹരങ്ങളായ ഇഴജീവികളും.